# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

**ഹാജർ - രാജൻ.എം.വി.**

**വിഷയം:-** തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം — ശ്രീ.പ്രതീഷ് പി.ബി (പെൻ.നം.442304), അസിസ്റ്റന്റ് എഞ്ചിനീയർക്ക് മുൻകാല പ്രാബല്യത്തോടെ നോഷണൽ പ്രൊമോഷൻ നൽകുന്നത് — സംബന്ധിച്ച്.

**പരാമർശം:** - 1) സ.ഉ (സാധാ) നം.2469.19 തസ്വഭവ തീയതി.06.11.2019.

2) സെലക്ട് ലിസ്റ്റ് No.E22-123/2013/CE/LSGD Vol IX

3) സർക്കാർ കത്ത് നം. EW3/574/2019/LSGD, തീയതി.22/01/2020.

**ഉത്തരവ് നം. ഇ 3 /9009/2009/സിഇ/തസ്വഭവ, തീയതി. 30.01.2020**

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. പ്രതീഷ് പി.ബി (പെൻ. നം. 442304), അസിസ്റ്റന്റ് എഞ്ചിനീയർ ആയിട്ടുള്ള പ്രൊമോഷൻ തീയതി ഒന്നാം ഗ്രേഡ് ഓവർസീയറുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ തൊട്ട ജൂനിയറായ ശ്രീ. ജയകുമാർ ജി. (റാങ്ക് നം.165) യ്ക്ക് പ്രൊമോഷൻ നൽകിയ തീയതി പ്രബല്യത്തിൽ പുനക്രമീകരിച്ച നല്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 31.12.2019 ന് ചേർന്ന ഡി.പി.സി (ലോവർ) ൽ ടിയാന്റെ അപേക്ഷ പരിഗണിക്കുകയും ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ ജൂനിയറായിരുന്ന ശ്രീ. ജയകുമാർ ജി ക്ക് തൊട്ടു മുകളിൽ സ്ഥാനം നൽകാൻ തീരുമാനിക്കുകയും ആയത് സൂചന (3) സർക്കാർ കത്ത് (സെലക്ട് ലിസ്റ്റ് പ്രകാരം) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ. പ്രതീഷ് പി.ബി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ടിയാന്റെ ഒന്നാം തരം ഓവർസീയർ തസ്തികയിൽ തൊട്ട് ജൂനിയറായ ശ്രീ. ജയകുമാർ ജി. ക്ക് ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികയുലേയ്ക്ക് പ്രൊമോഷൻ നൽകിയ തീയതിയായ 22.06.2010 പ്രബല്യത്തിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ചും ശ്രീ. ജയകുമാർ ജി ക്ക് തൊട്ടു മുകളിൽ സ്ഥാനം നല്കിയും ഇതിനാൽ ഉത്തരവാകുന്നു. ടിയാന് നൽകിയ നോഷണൽ പ്രൊമോഷനുമേൽ സാമ്പത്തിക ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല.

ഒപ്പ്.

**ചീഫ് എഞ്ചിനീയർ**

ശ്രീ. ശ്രീ.പ്രതീഷ് പി.ബി (പെൻ. നം. 442304),(നിയന്ത്രണാധികാരി മുഖേന)

*അംഗീകാരത്തോടെ*

*അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്*

പകർപ്പ്.

(1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ.

ജി